392/est/19

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - മൂന്നാംതരം ഓവർസിയർമാരെ ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :
1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.12.2018-ലെ ഇ5-7004/2010/സിഇ/തസ്വഭവ (1) നമ്പർ ഉത്തരവ്
2) തസ്വഭവ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 28.01.2019-ലെ ഇ1/243/2018 നമ്പർ കത്ത്
3) തസ്വഭവ ഡിവിഷൻ കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 24.01.2019-ലെ എ4/232/2019 നമ്പർ കത്ത്
4) തസ്വഭവ ഡിവിഷൻ എറണാകുളം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 28.01.2019, 30.01.2019 എന്നീ തീയതികളിലെ എ1-410/18 നമ്പർ കത്തുകൾ
5) തസ്വഭവ ഡിവിഷൻ പത്തനംതിട്ട ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 29.01.2019-ലെ എ2/43/15 നമ്പർ കത്ത്
6) തസ്വഭവ ഡിവിഷൻ കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 25.01.2019, 29.01.2019 എന്നീ തീയതികളിലെ എ1-26/14 നമ്പർ കത്തുകൾ
7) തസ്വഭവ ഡിവിഷൻ മലപ്പുറം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 30.01.2019-ലെ എ4-1231/15 നമ്പർ കത്ത്

## ഉത്തരവ് നം. ഇ6-1185/2019/സിഇ/തസ്വഭവ തീയതി 04.02.2019

തദ്ദേശസ്വയംഭരണ (സാങ്കേതിക വിഭാഗം) വകുപ്പിന് കീഴിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ ചേർത്തിരിക്കുന്ന 8 മൂന്നാംതരം ഓവർസിയർമാരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ഈ വകുപ്പിൽ തന്നെ രണ്ടാംതരം ഓവർസിയർ തസ്തികയില് നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

1. ശ്രീ. ഹാരിസ് അബ്ദുൾ കരീം, മൂന്നാംതരം ഓവർസിയർ, വടക്കാഞ്ചേരി നഗരസഭ
2. ശ്രീമതി. രേവതി. പി, മൂന്നാംതരം ഓവർസിയർ, കാവിലുംപാറ / മരുതോങ്കര ഗ്രാമപഞ്ചായത്ത്, കുന്നുമ്മൽ ബ്ലോക്ക്പഞ്ചായത്ത്, കോഴിക്കോട്
3. ശ്രീ. അരുൺ ഫ്രാൻസിസ്, മൂന്നാംതരം ഓവർസിയർ, ചെല്ലാനം ഗ്രാമപഞ്ചായത്ത്, പള്ളുരുത്തി ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം
4. ശ്രീമതി. സൗമ്യ. ആർ.എസ്, മൂന്നാംതരം ഓവർസിയർ, ഏഴിക്കര ഗ്രാമപഞ്ചായത്ത്, നോർത്ത് പറവൂർ ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം
5. ശ്രീ. അമൽ ഡി.എസ്, മൂന്നാംതരം ഓവർസിയർ, നാരങ്ങാനം ഗ്രാമപഞ്ചായത്ത്, ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത്, പത്തനംതിട്ട
6. ശ്രീമതി. അനിഷ. ഒ, മൂന്നാംതരം ഓവർസിയർ, പേരാവൂർ / കണിച്ചാർ ഗ്രാമപഞ്ചായത്ത്, പേരാവൂർ ബ്ലോക്ക്പഞ്ചായത്ത്, കണ്ണൂർ

7. ശ്രീമതി. പ്രസീജ രാജൻ, മൂന്നാംതരം ഓവർസിയർ, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്, കൂത്തുപറമ്പ് ബ്ലോക്ക്പഞ്ചായത്ത്, കണ്ണൂർ
8. ശ്രീമതി. പ്രമീഷ മോഹൻ. കെ, മൂന്നാംതരം ഓവർസിയർ, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, തിരൂരങ്ങാടി ബ്ലോക്ക്പഞ്ചായത്ത്, മലപ്പുറം

മേൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള 8 മൂന്നാംതരം ഓവർസിയർമാർക്ക് ഈ വകുപ്പിൽ തന്നെ രണ്ടാംതരം ഓവർസിയർ തസ്തികയിലേയ്ക്കുള്ള നിയമനം സ്വീകരിക്കുന്നതിന് മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2), (3), (4), (5), (6), (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി 8 മൂന്നാംതരം ഓവർസിയർമാരെയും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഒഴിവിൽ KPSC മുഖാന്തിരം നിയമനം നടത്തേണ്ടതിനാൽ വിടുതൽ ചെയ്ത വിവരം കൃത്യമായി ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തികൾക്ക് (വെബ് സൈറ്റ് മുഖേന)

\\ അംഗീകാരത്തോടെ //

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

പകർപ്പ് : 1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ ഉത്തരമേഖല, കോഴിക്കോട്
2) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ
3) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ, ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തുകൾക്ക്
3) കരുതൽ ഫയൽ / ഓഫീസ് കോപ്പി

P 144